**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7236 | 11.07.2014-ൽ മറുപടിയ്ക്ക്

**സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി.സി.ജോർജ്**<br>,, **എം.വി.ശ്രേയാംസ്കുമാർ**<br>,, **റോഷി അഗസ്റ്റിൻ**<br>,, **ഡോ.എൻ.ജയരാജ്** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതിക്ക് (എസ്.ആർ.ഐ.പി) ഭരണാനുമതി നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | സർക്കാർ ഉത്തരവ് (കൈ) നം.91/12/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവൃത്തികൾ ഏതെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) എസ്.ആർ.ഐ.പി-ൽ ഏതെല്ലാം പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ; | (സി) | റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായിട്ടാണ് റോഡുകൾ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത ഏകദേശം 469 കി.മീ. റോഡുകളും, അപ്ഗ്രഡേഷൻ പാക്കേജിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനുമായി അത്യാവശ്യം സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന 644 കി.മീ. റോഡുകളുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;എങ്കിൽ ആയതു പരിഹരിച്ച് പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | തടസ്സങ്ങളൊന്നും നിലവിലില്ല. റീഹാബിലിറ്റേഷൻ പാക്കേജിന്റെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. അപ്ഗ്രഡേഷൻ പാക്കേജിന്റെ ഡി.പി.ആർ. തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**